# ജി യു പി എസ് വെസ്റ്റ്ഹിൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ



## 2025-2026

# ആമുഖം

## പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവും.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

- വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പിടിഎ/ കോർണർ പി. ടി. എ ചേരും.
- ഒന്നാം ക്ലാസു മുതൽ 7ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ. ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- വിദ്യാലയം ഹൈടെക്കാക്കി മാറ്റുക
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്ക് എതിരെ മുൻകരുതലുകൾ.



CamScanner

## പരിമിതികൾ

- ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഉണ്ടെങ്കിലും അത് ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള കെട്ടിട സൗകര്യമില്ല.
(നിലവിൽ unfit ആയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.)

- വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.

- മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.



CamScanner

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.യു.പി.എസ് വെസ്റ്റ്ഹിൽ |
| മേൽ വിലാസം | : വെസ്റ്റ്ഹിൽ (PO) ചുങ്കം<br>കോഴിക്കോട് 673005 (PIN) |
| ഫോൺ നമ്പർ | : 7012594561 |
| സ്കൂൾ കോഡ് | : 17452 |
| വിദ്യാഭ്യാസ ജില്ല | : കോഴിക്കോട് |
| വിദ്യാഭ്യാസ ഉപജില്ല | : ചേവായൂർ |
| ബി.ആർ.സി | : നടക്കാവ് |
| കോർപ്പറേഷൻ | : കോഴിക്കോട് (72-ാം വാർഡ്) |
| ജില്ലാ പഞ്ചായത്ത് | : കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : കോഴിക്കോട് നോർത്ത് |
| ലോക സഭാ മണ്ഡലം | : കോഴിക്കോട് |
| Email വിലാസം | : westhillgups@gmail.com |



CamScanner

# എൽപി തലം



CamScanner

മേഖല : അക്കാദമികം
വിഷയം : മലയാളം
ലക്ഷ്യം : എല്ലാ വിദ്യാർത്ഥികളേയും തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | കുറിപ്പ് |
|---|---|---|---|---|
| പ്രീടെസ്റ്റ്<br>മുൻകൂട്ടി തയ്യാറാക്കിയ പ്രീടെസ്റ്റ് എല്ലാവർക്കും നടത്തുന്നു. ഉത്തര പേപ്പർ വിലയിരുത്തി ഓരോ കുട്ടിയും നേരിടുന്ന പ്രയാസങ്ങൾ രേഖപ്പെടുത്തുന്നു. ഇത് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ<br>ക്ലാസ് അധ്യാപകർ | ജൂൺ | | |
| ക്ലാസ് പി.ടി.എ<br>പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തന അവതരണം.<br>പാഠഭാഗവുമായി ബന്ധപ്പെട്ട സംഭാഷണം, കവിത എന്നിവ സ്വന്തമായി എഴുതുന്നു.<br>മൂല്യനിർണ്ണയ പേപ്പർ വിലയിരുത്തി രക്ഷിതാക്കളുമായി ചർച്ച. | | ജൂലൈ–ആഗസ്റ്റ്<br>സെപ്റ്റംബർ ഡിസംബർ വരെ. | | |

വിഷയം : ഭാഷ
പ്രശ്നം : ലേഖനത്തിലൂടെ കഴിവ് വർദ്ധിപ്പിക്കൽ
ലക്ഷ്യം : സ്കൂളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാസത്തിലൊരിക്കൽ സ്കൂൾ പത്രം തയ്യാറാക്കൽ.

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഭൗതികം |
|---|---|---|---|---|
| 3,4 ക്ലാസുകളിലെ കുട്ടികൾ ഒരു മാസ കാലം സ്കൂളിൽ നടന്ന പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ച് പത്രം തയ്യാറാക്കുന്നു.<br><br>എല്ലാ ക്ലാസിലും ദിവസം ഒരു പത്രം നൽകി വാർത്തകൾ വായിപ്പിക്കുന്നു. | ക്ലാസ് അധ്യാപകൻ | മധ്യകാലം. | പി.ടി.എ | |



CamScanner

വിഷയം
മലയാളം

പ്രശ്നം : വായനയിലുള്ള താല്പര്യക്കുറവ്
ലൈബ്രറി പുസ്തകങ്ങൾ വേണ്ട രീതിയിൽ
ഉപയോഗിക്കുന്നില്ല

ലക്ഷ്യം : വായനാ പരിപോഷണം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ജൂൺ മാസത്തിലെ രണ്ടാമത്തെ ആഴ്ചയിൽ ലൈബ്രറി പുസ്തകം വിതരണം ചെയ്യുന്നു.<br>ഓരോ ക്ലാസിലും ഒരു ലൈബ്രേറിയനെ നിയമിക്കുന്നു.<br>ക്ലാസ് ലൈബ്രറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നു.<br>ക്ലാസിലെ ഒരു കുട്ടിയ്ക്ക് ലൈബ്രേറിയന്റെ ചുമതല നൽകുന്നു. ആഴ്ചയിൽ ഒരു പുസ്തകം എന്ന നിലയിൽ ഒരു മാസത്തിൽ 4 പുസ്തകങ്ങളുടെ പേരും തിയ്യതിയും എഴുതിവയ്ക്കുന്നു.<br>വായനാക്കുറിപ്പ് അസംബ്ലിയിൽ<br>വായനാ പതിപ്പ് പ്രകാശനം | ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച്. | | |

വിഷയം : മലയാളം

പ്രശ്നം : ശരിയായി ഉച്ചരിക്കുവാൻ കഴിയുന്നില്ല

ലക്ഷ്യം : മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കുവാൻ പഠിപ്പിക്കൽ

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| മലയാളത്തിളക്കം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക<br>വായനാകാർഡ് ഉപയോഗിച്ച് വായിക്കുക<br>ഐ. സി. ടി സാധ്യത ഉപയോഗിക്കുക<br>വർക്ക് ഷീറ്റുകൾ നൽകുക.<br>ചിത്രങ്ങൾ നൽകി അതിനെ പ്പറ്റി സംസാരിപ്പിക്കുക.<br>കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ നടത്തുക | എൽ. പി അധ്യാപകർ | ജൂൺ-മാർച്ച് | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും കേൾക്കാനും സംസാരിക്കാനുമുള്ള സാഹചര്യം ഒരുക്കുന്നു.

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഇംഗ്ലീഷ് കഥകൾ വായിച്ച് കേൾപ്പിക്കുന്നു. (1,2 ക്ലാസ്) | ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച്. | |
| ഇംഗ്ലീഷ് കഥകൾ വായിക്കുന്നു (3,4 ക്ലാസ്) | ജൂൺ ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച് | |
| നിത്യ ഉപയോഗമുള്ള കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കേൾക്കാനും പറയാനും പരിശീലിപ്പിക്കുന്നു | ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച് | |

## Gups westhill

കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ ചുങ്കത്ത് സ്ഥിതി ചെയ്യുന്ന ഗവ. യു. പി. സ്കൂളിന് 127 വർഷത്തെ സുദീർഘമായ ചരിത്രമുണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽ ശോഷിച്ചു പോയിട്ടുണ്ടെങ്കിലും ഇപ്പോഴും അക്കാദമികവും കലാകായികപരവുമായ മികവുകളിലും ഇപ്പോഴും മറ്റു വിദ്യാലയങ്ങളോടൊപ്പം ഈ വിദ്യാലയവും നിലകൊള്ളുന്നു.

ഉയർന്ന ഭൗതിക സാഹചര്യങ്ങളിലേക്ക് ജി. യു. പി. സ്കൂൾ വെസ്റ്റ്ഹിൽ മാറുന്നതിലൂടെ കുട്ടികൾക്ക് കണ്ടും കേട്ടും അറിഞ്ഞും പ്രവർത്തിച്ചും അറിവ് നേടുവാൻ കഴിയും. അവരെ അതിലേക്ക് നയിക്കുന്നതിന് അർപ്പണബോധമുള്ള അധ്യാപകരും വിദ്യാഭ്യാസ വിചക്ഷണരും സുമനസ്സുകളായ രക്ഷിതാക്കളുൾപ്പെടെയുള്ള സമൂഹവും കൈകോർത്താൽ സ്കൂളിനെ ഉന്നതനിലവാരത്തിലേക്കെത്തിക്കാൻ കഴിയും.

# ക്ലാസ് ലൈബ്രറി രൂപീകരണം

## ആമുഖം

എല്ലാ കുട്ടികളെയും വായനയിലൂടെ പഠന-മികവിലേക്ക് എത്തിക്കുന്നതിനാണ് ക്ലാസ് ലൈബ്രറി സ്ഥാപിക്കുന്നത്. ഓരോ ക്ലാസിനും ഒരു കൊച്ചുവായനശാല ഒരുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

- എഴുത്തിലും വായനയിലും നിലവിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക
- കൂടുതൽ അറിവ് നേടാനും ചിന്തിക്കാനുമുള്ള കഴിവ് വളർത്തുക.
- ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക
- വായനയിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തുക

## പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിലും പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാര ലഭ്യമാക്കാൻ
- PTA പൂർവ്വ വിദ്യാർത്ഥി, പൂർവ്വ അധ്യാപകർ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തുന്നു.
- സ്കൂളിൽ പൊതുവായും ക്ലാസ് റൂമിലും വായനമൂല ഒരുക്കുന്നു.

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ലക്ഷ്യം : കളികളിലൂടെ നിർമ്മാണ പ്രവർത്തനങ്ങ-ളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

: ഗണിത ചിന്താശേഷി വളർത്തൽ

: ഗണിത ശിൽപശാല നടത്തൽ

: ഗണിത ശേഷികളുടെ പ്രകടനം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഗണിത മാഗസിൻ | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് | |
| ഗണിത കേളികളിൽ ഏർപ്പെടുന്നു (ചതുഷ്ക്രിയകൾ) | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് | |
| കുസൃതി കണക്കുകൾ സംഘടിപ്പിക്കുന്നു | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് | |
| ഗണിത ശിൽപശാല നടത്തുന്നു | ക്ലാസ് ടീച്ചർ | മധ്യകാലം | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ലക്ഷ്യം

- ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ
- പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും
- ശാസ്ത്രാവബോധം വളർത്തുക
- പ്രകൃതിവിഭവ സംരക്ഷണം
- നിരീക്ഷണം, അറിവു നിർമ്മാണം, ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ
- [illegible]

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഭക്ഷ്യമേള | ക്ലാസ്ടീച്ചർ | മധ്യകാലം | |
| പ്രകൃതി നടത്തം | ക്ലാസ്ടീച്ചർ | മധ്യകാലം | |
| ലഘു പരീക്ഷണങ്ങൾ നടത്തുന്നു | ക്ലാസ്ടീച്ചർ | മധ്യകാലം | |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | ക്ലാസ്ടീച്ചർ | മധ്യകാലം | |
| ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അധ്യാപകർ | നവംബർ | |

# സയൻസ് ലാബ് സജ്ജമാക്കൽ

## ആമുഖം

കുട്ടികളിൽ ശാസ്ത്ര വിഷയങ്ങളോട് താൽപര്യം ജനിപ്പിക്കുവാൻ പരീക്ഷണങ്ങൾ ചെയ്ത് നേരിട്ട് പഠിക്കുവാനുള്ള അവസരം സൃഷ്ടിക്കേണ്ടതുണ്ട്

## ലക്ഷ്യം

- സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള കഴിവ് വർധിപ്പിക്കുക.
- സ്വയം പഠനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

## പ്രവർത്തനം

- 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾ ഒട പരീക്ഷണങ്ങളിലും നിരീക്ഷണങ്ങളിലും ഏർപ്പെടുന്നു. രക്ഷിതാക്കളുടെ സഹായത്തോടെ ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുന്നു.



CamScanner

# ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

## ആമുഖം

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് അവർ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറാനുള്ള പഠനബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക.
- പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക
- അവസരവും പങ്കാളിത്തവും ഉറപ്പുവരുത്തുക

## പ്രവർത്തനങ്ങൾ

- രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ്സ് നൽകുന്നു.
- ഭിന്നശേഷിക്കാർക്ക് ഏകദിന പഠനോത്സവം സംഘടിപ്പിക്കുന്നു.
- അമ്മയെയും കുഞ്ഞിനെയും ഒന്നിച്ചിരുത്തി ക്ലാസ് നൽകുന്നു.

ദൈർഘ്യം : ഹ്രസ്വകാലം



CamScanner

വിഷയം : കലാ - കായിക പ്രവൃത്തി പരിചയം

പ്രശ്നം : കലാ - കായിക രംഗത്ത് വേണ്ടത്ര പരിശീലനം ലഭിക്കാത്ത അവസ്ഥ.

ലക്ഷ്യം : കലാ - കായിക - പ്രവൃത്തി പരിചയ മേഖലയിൽ കഴിവുള്ളവരെ കണ്ടെത്തി പരിശീലനം നൽകൽ.

കാലം : ദീർഘകാലം.

- കലാപരമായ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു.
- ആവശ്യമായ പിന്തുണാസംവിധാനങ്ങൾ നൽകുന്നു.
- പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹായം സ്വീകരിക്കുന്നു.
- കായികപരമായ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു.
- ആവശ്യമായ പരിശീലനം ഉറപ്പുവരുത്തുന്നു
- പ്രവൃത്തി പരിചയ രംഗത്ത് കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.

ചുമതല : ടീച്ചർമാർക്ക്.

മേഖല : സാമൂഹികം

പ്രശ്നം : വ്യക്തികൾ, വസ്തുക്കൾ എന്നിവയെക്കുറിച്ച് ധാരണയില്ലായ്മ.

ലക്ഷ്യം : ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക.

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | [illegible] |
|---|---|---|---|---|
| 1. ലോക പരിസ്ഥിതി ദിനം<br>• പോസ്റ്റർ നിർമ്മാണം<br>• വൃക്ഷത്തൈ വിതരണം<br>• ഔഷധത്തോട്ട നിർമ്മാണം<br>• പരിസ്ഥിതി ക്വിസ്. | അധ്യാപകർ | ജൂൺ 5 മുതൽ 7 വരെ | സ്കൂൾ | |
| 2. വായനാദിനം<br>• സാഹിത്യ ക്വിസ്<br>• വായനാ മത്സരം<br>• പുസ്തക പരിചയം<br>• ക്ലാസ് ലൈബ്രറി രൂപീകരണം.<br>• പുസ്തകപ്രദർശനം<br>• പുസ്തക വിതരണം. | അധ്യാപകർ | ജൂൺ 19 മുതൽ 26 വരെ | | |
| 3. ഡോ. സലിം അലി ചരമദിനം<br>• സലിം അലി അനുസ്മരണം.<br>• ഫോട്ടോ പ്രദർശനം | ക്ലാസ് അധ്യാപകർ | ജൂൺ20 | | |
| 4. ബഷീർ ചരമദിനം<br>• ബഷീർ അനുസ്മരണം.<br>• ഫോട്ടോ പരിചയം<br>• പുസ്തക പരിചയം, ക്വിസ്<br>• കഥാപാത്രാവിഷ്കാരം | അധ്യാപകർ | ജൂലൈ 4 മുതൽ 5 വരെ | | |

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | [illegible] |
|---|---|---|---|---|
| 5. <u>ചാന്ദ്രദിനം</u><br>• ചാന്ദ്രമനുഷ്യനുമായി അഭിമുഖം<br>• ചാന്ദ്ര ദിനക്വിസ് | അധ്യാപകർ | ജൂലൈ 21 | | |
| 6. <u>ഹിരോഷിമാദിനം നാഗസാക്കിദിനം</u><br>• അനുസ്മരണം<br>• പത്രവാർത്ത, വായന<br>• യുദ്ധവിരുദ്ധ പോസ്റ്റർ നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• ക്വിസ് | അധ്യാപകർ | ആഗസ്റ്റ് 6 മുതൽ 9 വരെ | | |
| 7. <u>ക്വിറ്റിന്ത്യാദിനം</u><br>• ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രക്ഷോഭം, ചർച്ച<br>• ക്വിറ്റിന്ത്യാദിന അനുസ്മരണം. | ക്ലാസ് അധ്യാപിക | ആഗസ്റ്റ് 9 | | |
| 8. <u>സ്വാതന്ത്ര്യദിനം</u><br>• പ്രസംഗം<br>• പതിപ്പ് നിർമ്മാണം, പ്രകടനം<br>• ചുമർപത്രിക നിർമ്മാണം.<br>• ദേശഭക്തിഗാനങ്ങളുടെ പഠനം / ശേഖരിക്കൽ ; ക്വിസ് | അധ്യാപകർ | ആഗസ്റ്റ് 15 | | |

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 9. അധ്യാപകദിനം<br>• ഡോ. എസ് രാധാകൃഷ്ണൻ അനുസ്മരണം.<br>• Greeting Card നിർമ്മാണം | ക്ലാസ് അധ്യാപിക | സെപ്തംബർ 5 | | |
| 10. ഗാന്ധിജയന്തി<br>• ഗാന്ധി അനുസ്മരണം.<br>• ഗാന്ധി ക്വിസ്<br>• ഗാന്ധി പ്രസംഗം<br>• ഗാന്ധി വാക്യങ്ങൾ, ശേഖരണം, അവതരണം | അധ്യാപകർ | ഒക്ടോബർ 1&2. | | |
| 11. കേരളപ്പിറവി ദിനം<br>• കേരള ചരിത്രം - ഡോക്യുമെന്ററി പ്രദർശനം.<br>• കേരളത്തെക്കുറിച്ച് കുറിപ്പ്<br>• കേരളഗാനാലാപനം<br>• ക്വിസ്<br>• ജില്ലകളിലൂടെ | അധ്യാപകർ | നവംബർ 1 | | |
| 12. ക്രിസ്തുമസ്<br>• ക്രിസ്തുമസ് ആഘോഷം<br>• നക്ഷത്ര നിർമ്മാണം<br>• ആശംസാകാർഡ് നിർമ്മാണം കൈമാറൽ | അധ്യാപകർ | ഡിസംബർ 25 | സ്കൂൾ | |



CamScanner

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 13. <u>പുതുവത്സരദിനം</u><br>• ആശംസാകാർഡ് നിർമ്മാണം, കൈമാറൽ | ക്ലാസ് അധ്യാപകർ | ജനുവരി 1 | സ്കൂൾ | |
| 14. <u>റിപ്പബ്ലിക് ദിനം</u><br>• അസംബ്ലി<br>• പതാക ഉയർത്തൽ<br>• ദേശഭക്തിഗാനാലാപനം<br>• ക്വിസ്<br>• പതിപ്പ് നിർമ്മാണം. | അധ്യാപകർ | ജനുവരി 26 | സ്കൂൾ | |
| 15. <u>ദേശീയ ശാസ്ത്രദിനം</u><br>• ശാസ്ത്രീയ മനോഭാവം വളർത്തുന്ന കഥകൾ ലഘുപരീക്ഷണം. | അധ്യാപകർ | ഫെബ്രുവരി 28. | | |



CamScanner

# വിദ്യാലയത്തിൽ ഒരു ഹരിത ഉദ്യാനം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| • നിലം ഒരുക്കൽ, നടീൽ വസ്തുക്കൾ പൂച്ചെടി, ഔഷധസസ്യങ്ങൾ, വാഴ, പച്ചക്കറി തൈകൾ എന്നിവ നടൽ, വളം ചേർക്കൽ, ചെടികൾ നടൽ | ക്ലബ്ബ് കൺവീനർ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ. | ജൂൺ | | |
| • കൂടുതൽ ചെടികൾ ശേഖരിക്കൽ, നടൽ, പരിപാലനം, വളം ഇടൽ | പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ അധ്യാപകർ | ജൂലൈ | | |
| • കള പറിക്കൽ, മണ്ണ് കൂട്ടൽ വളം ചേർക്കൽ, പരിപാലനം. | | ആഗസ്റ്റ് | | |
| • കളപറി, നനയ്ക്കൽ | | സെപ്റ്റംബർ | | |
| • പച്ചക്കറികൾ (ചീര, വെണ്ട, വെള്ളരി) തുടങ്ങിയവ നടൽ, പരിപാലനം | പരിസ്ഥിതി ക്ലബ്ബ് സെക്രട്ടറി അംഗങ്ങൾ അധ്യാപകർ | ഒക്ടോബർ | | |
| • പൂച്ചെടികൾ, പച്ചക്കറികൾ, പരിപാലനം | | നവംബർ | | |
| • മാർച്ച് വരെ പരിപാലനം തുടരൽ പ്രത്യേകമായും നനയ്ക്കൽ | പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ അധ്യാപകർ | ഡിസംബർ മുതൽ മാർച്ച് വരെ. | | |



CamScanner

വിഷയം : ഹെൽത്ത് ക്ലബ് ശുചിത്വ ക്ലബ്

പ്രശ്നം : വിദ്യാലയപരിസരം, വീട്, പരിസരം വ്യക്തി ശുചിത്വം എന്നിവയെക്കുറിച്ച് വേണ്ടത്ര അറിവ് ഇല്ലായ്മ

ലക്ഷ്യം : കുട്ടികളിൽ ശുചിത്വബോധം വളർത്തുക

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| ഹെൽത്ത് ക്ലബ് / ശുചിത്വ ക്ലബ് രൂപീകരണം. അംഗങ്ങൾക്ക് നിർദ്ദേശം നൽകൽ, ബോധവൽക്കരണം.<br>• വ്യക്തി ശുചിത്വം<br>• ക്ലാസ് ശുചിത്വം<br>• പരിസര ശുചിത്വം | ഹെൽത്ത് ക്ലബ് കൺവീനർ<br>പ്രധാനാധ്യാപകൻ | ജൂൺ | | |
| ഭക്ഷണം പാഴാക്കുന്നവരെ കണ്ടെത്തൽ, അറിയിക്കൽ | ക്ലബ് അംഗങ്ങൾ 2 പേർ വീതം ഓരോദിവസം. | | | |
| ക്ലാസ് റൂം ശുചിത്വം -<br>ഭക്ഷണാവശിഷ്ടങ്ങൾ പ്ലാസ്റ്റിക് ക്ലാസിൽ തരം തിരിക്കൽ<br>- വേസ്റ്റ് ബാസ്കറ്റ് ഉപയോഗം | ക്ലാസ് ടീച്ചർ<br>ക്ലബ് അംഗങ്ങൾ 3 പേർ വീതം. | | | |
| വ്യക്തി ശുചിത്വം :-<br>- നഖം വെട്ടി വൃത്തിയാക്കൽ എല്ലാ തിങ്കളാഴ്ചയും എല്ലാ ക്ലാസിലും പരിശോധന<br>- പുസ്തകം വൃത്തിയാക്കി സൂക്ഷിക്കൽ<br>- ക്ലാസ് റൂം വൃത്തിയായി സൂക്ഷിക്കൽ | ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | | |



CamScanner

| | | | | |
|---|---|---|---|---|
| പരിസര ശുചിത്വം<br>- പുല്ലുപറിച്ച് വൃത്തിയാക്കൽ<br>- ഡ്രൈ ഡേ ആചരിക്കൽ | | | | |
| പോസ്റ്റർ തയ്യാറാക്കൽ:<br>ശുചിത്വവുമായി ബന്ധപ്പെട്ട് സ്കൂളും പരിസരവും, വീടും പരിസരവും, ടോയ്‌ലറ്റ് ക്ലാസ് മുറി | ക്ലബംഗങ്ങൾ | | | |
| ബോധവൽക്കരണ ക്ലാസ്:<br>- ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ<br>- ശുചിത്വവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കൽ | ചെയർമാൻ കൺവീനർ | | | |
| ക്രോഡീകരണം:<br>മാസത്തിലൊരിക്കൽ മികച്ച ക്ലാസിന് സമ്മാനം നൽകൽ<br>- പി.ടി.എ.യിൽ അറിയിക്കൽ<br>- ക്ലാസംഗങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകൽ<br>- ജൂൺ മുതൽ മാർച്ച് വരെ പ്രവർത്തനങ്ങൾ തുടരൽ | ചെയർമാൻ കൺവീനർ<br>ക്ലാസ് ലീഡർ | ആഗസ്റ്റ് | | |

# ആരോഗ്യ സംരക്ഷണം

കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഹെൽത്ത് കാർഡ് ലഭ്യമാക്കൽ ഹെൽത്ത് കാർഡിൽ എന്തൊക്കെയാവാം.

- പേര്
- ക്ലാസ്
- ഫോട്ടോ
- ജനനതിയ്യതി
- ഉയരം
- തൂക്കം
- കുത്തിവെപ്പിന്റെ വിശദാംശങ്ങൾ
- രക്തഗ്രൂപ്പ്
- നിലവിലുള്ള രോഗങ്ങളുടെ വിശദാംശങ്ങൾ
- ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ് നടത്താവുന്നതാണ്
- രോഗങ്ങൾ കണ്ടെത്തി ചികിത്സ ലഭ്യമാക്കാൻ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക
- ശരിയായ ഭക്ഷണശീലങ്ങൾ പിന്തുടരാം
- വ്യായാമം ഒരു ശീലമാക്കൽ

# ജൈവവൈവിധ്യ ഉദ്യാനം ദീർഘകാല പദ്ധതി

ലക്ഷ്യം: ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും വിധം സ്ഥലത്തിൽ ഔഷധസസ്യങ്ങൾ, ആവാസവ്യവസ്ഥയുടെ ചെറുരൂപങ്ങൾ എന്നിവയുടെ നിർമ്മാണം.

- ചെറിയ ഒരു കുളം നിർമ്മാണം
- കുളത്തിൽ ജലസസ്യങ്ങൾ വളർത്തൽ
- മത്സ്യങ്ങൾ, താമര എന്നിവ വളർത്തൽ
- വ്യത്യസ്തതരം ചെടികൾ നട്ടുവളർത്തൽ
- ചിത്രശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുവളർത്തൽ
- വ്യത്യസ്ത തരം ഔഷധസസ്യങ്ങൾ നട്ടുവളർത്തൽ
- ഫണ്ടിന്റെ ലഭ്യത – കോർപ്പറേഷൻ, എസ്. എസ്. എ.



CamScanner

# ശുചിത്വം

1

# മേഖല: അക്കാദമികം   ഉപമേഖല : മലയാളം

ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ, കവിത, യാത്രാനുഭവം, കുറിപ്പ്) | ജൂൺ | 5, 6, 7 | മലയാളം അധ്യാപകർ | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയങ്ങൾ ബോധനം നടത്താനും പഠനത്ത് വളർത്താനും പ്രാപ്തരാകുന്നു. |
| | ഭാഷാകേളി :<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | 5, 6, 7 | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നു വാക്യത്തിലേക്ക് :<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | 5, 6, 7 | മലയാളം അധ്യാപകർ | |



CamScanner

| | | | | | |
|---|---|---|---|---|---|
| 2 | വാർത്താലോകത്തേക്ക് പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും. | 5, 6, 7 | മലയാളം അധ്യാപകർ | പഠിതാവിൽ ആശയപൂർണ്ണമായ വായന ഉറപ്പു വരുത്തുക. |
| | അന്നത്തെ മാസത്തെ പ്രധാനസംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | 5, 6, 7 | മലയാളം ക്ലബ് | |
| 3. | സംവാദം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | 5, 6, 7 | പ്രധാനാധ്യാപിക മലയാളം അധ്യാപകർ | സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ |

| | | | | | |
|---|---|---|---|---|---|
| 4. | ഇ-കമ്പ്യൂട്ടിംഗ് മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | 5,6,7 | മലയാളം അധ്യാപകർ | മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും. |
| 5 | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക-കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | 5,6,7 | പി.ടി.എ | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. |

## UP ENGLISH

| Aim | Activities | Duration |
|---|---|---|
| Listening skill<br>Speaking skill<br><br>Introduce different genre fiction, non fiction, poetry<br>Enhance vocabulary. | Interactive story telling<br>Discussing theme of a story.<br>Group discussion<br>vocabulary games<br>A word - a day. | June to July. |
| Reading skill<br>Develop basic reading | Give age appropriate text, such as short stories, poems, etc.<br>Reads and share the message, characters.<br>Encourage students to take turns reading aloud and share their interpretation and reaction to the text.<br>Readers theatre<br>News reading on assembly. | academic year |

2

| Aim | Activities | Duration |
| --- | --- | --- |
| pronunciation | Audio - video clipping on correct pronunciation<br>Daily news audio<br>ICT facilities | " |
| Communication | · Dramatisation of stories<br>conducting debate<br>conducting English fest<br>English assembly.<br>story summarisation<br>Speech on simple topic | " |



CamScanner

| Aim | Activities | Duration |
|---|---|---|
| vocabulary. | word game<br>spelling content<br>A word a day<br>cross word puzzle<br>Dictionary making. | "<br><br><br><br>" |
| Handwriting. | English diary.<br>Hand writing notebook. | |
| writing skill. | English magazine<br>sign boards, posters, Notice. | |



CamScanner

മേഖല: അക്കാദമികം   ഉപമേഖ: ഹിന്ദി ഭാഷ

ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN, ടാലന്റഡ് കുട്ടികൾക്കു വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |

| | | | | | |
|---|---|---|---|---|---|
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, slow learner കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തു കൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ് | ജൂൺ രണ്ടാം വാരം. | 5, 6, 7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3. | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, | | | | |

| | | | | | |
|---|---|---|---|---|---|
| | മാനം, എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN, slow learner കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ, ഐസിടി സംവിധാനം ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങളിൽ അവർക്ക് മികവാർന്ന അവസരം | ആഴ്ചയിൽ ഒരുപ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള വാർത്താ കുറിപ്പുകൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരുപ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ - പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി. നടത്തുക | ദിനചര്യയുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം. · ഹിന്ദി ഡോക്യുമെന്ററി. | | | | |

| | | | | | |
|---|---|---|---|---|---|
| | സിനിമ കാണാനുള്ള അവസരം -വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ, ക്ലാസ് അധ്യാപകർ, മറ്റ് അധ്യാപകർ | |
| 10. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനുമുള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ, ക്ലാസ് അധ്യാപകർ, മറ്റ് അധ്യാപകർ. | |

## സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനതല അറിവ് പരിശോധിക്കുന്ന ചോദ്യങ്ങൾ, ലഘുവിവരണങ്ങൾ എന്നിവ നൽകുന്നു. | ജൂൺ. |
| പ്രാദേശിക ചരിത്രം. | മുതിർന്ന പൗരന്മാരുമായി അഭിമുഖം.<br>ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങളിലേക്ക് യാത്ര നടത്തൽ.<br>പ്രാദേശിക ചരിത്ര രചന. | അക്കാദമിക വർഷം. |
| ചരിത്രാവബോധം. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതത്വം മനസിലാക്കുന്നു. |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ നടന്ന സ്ഥലങ്ങൾ സന്ദർശിച്ച് സേവനം ചെയ്യാൻ അവസരം നൽകുന്നു. |



CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | |
|---|---|---|
| ചരിത്രപ്രധാന ദിനങ്ങൾ | · ദിനാചരണം സംഘടിപ്പിക്കുക.<br>വിവിധ ആഘോഷങ്ങൾ<br>വിദഗ്ദ്ധരുമായി അഭിമുഖം. | |
| പൗരധർമ്മം. | വിദഗ്ധരുടെ ക്ലാസ്<br>സമൂഹവുമായി ഇടപെടൽ<br>സ്കൂൾ പാർലമെന്റ് | |

യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, കൂടുകൾ തൈപ്പുരകൾ ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണ കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വാഭാവിക വിശകലനം |
|---|---|---|---|---|
| | പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു<br>പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | | | |
| • ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക. | വിന്നർ മൈന്റ്<br>ഊർജ്ജ ക്ലബ്, പരിസ്ഥിതി ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് | |
| | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര അറിവുകളുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | PTA സയൻസ് ക്ലബ് |
| | കുട്ടികളുടെ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ - ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| • ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായങ്ങളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പ് വരുത്തുക. | * ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാനശേഷികൾ ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. (നാണയങ്ങൾ, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| കേരളത്തിലെ ഗണിത ശാസ്ത്ര പാരമ്പര്യം കുട്ടികളെ പരിചയപ്പെടുത്തുക | സെമിനാറിലൂടെ ഗണിത ശാസ്ത്രജ്ഞരെ കുട്ടികൾക്ക് പരിചയപ്പെടുത്തൽ. വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന പ്രമുഖ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലബ് നടത്തൽ | സെപ്റ്റംബർ മാസം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബിലെ അംഗങ്ങൾ. | ഗണിത ക്ലബ് പി.ടി.എ |
| ഗണിത മേളയിൽ കുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കൽ | ഗണിതത്തിൽ താല്പര്യമുള്ള കുട്ടികളെ (സബ് ജില്ലയിലും ജില്ലയിലും പങ്കെടുക്കുന്നവർ) പ്രത്യേക പരിശീലനം നൽകുന്ന കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപകർ, ക്ലബ് അംഗങ്ങൾ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണുകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| വിവിധ മേഖലകളുടെ വിന്യാസം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG | |

മേഖല : അക്കാദമികം ഉപമേഖല : ആരോഗ്യ കലാ-കായിക പ്രവൃത്തി വിദ്യാഭ്യാസം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | രക്ഷാകർതൃബോധവൽക്കരണം, ക്ലാസ് പിടിഎയിൽ | ജൂൺ - ജൂലൈ | 5, 6, 7 | ക്ലാസ് ടീച്ചർ | കുട്ടികളുടെ ശാരീരികവും, മാനസികവും വൈകാരികവും സാമൂഹികവുമായ വികാസം |
| 2. | സുംബ, എയ്റോബിക് യോഗ പരിശീലനം | 1 വർഷം | 5, 6, 7 | അധ്യാപകർ, കായികാധ്യാപകർ | കായികാഭ്യാസവും, യോഗാചര്യകളും കുട്ടികളിലേക്ക് എത്തിക്കുക. |
| 3. | പെൺകുട്ടികൾക്ക് സ്വയംപ്രതിരോധ പരിശീലനം | 1 വർഷം | 5, 6, 7 | പിടിഎ. കായികാധ്യാപകർ | പെൺകുട്ടികളെ സ്വയംപ്രതിരോധം |

| | | | | | |
|---|---|---|---|---|---|
| 4. | ജീവിതശൈലീരോഗങ്ങൾ വ്യായാമത്തിലൂടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ് | 1 വർഷം | 5,6,7 | പി ടി എ, പ്രധാനാധ്യാപിക. | |
| 5. | ചിത്രകലയിൽ താൽപര്യം വർദ്ധിപ്പിക്കുന്നു. | വർഷം തുടർച്ച | 5,6,7 | ചിത്രകലാ അധ്യാപകർ, പി ടി എ | ചിത്രംപ്രദർശിപ്പിക്കൽ, ചിത്രശാല, ചിത്രങ്ങൾ ശേഖരിക്കൽ |
| 6. | ശിൽപനിർമ്മാണം, ചെടി ഉപയോഗിച്ച് പ്രദർശിപ്പിക്കൽ, പല വസ്തുക്കളിൽ ശിൽപനിർമ്മാണം, പാഴ് വസ്തുനിർമ്മാണം, ക്ലേ ഉപയോഗിച്ചുള്ള നിർമ്മാണം | വർഷം തുടർച്ച | 5,6,7 | പി ടി എ. പ്രവൃത്തിവിദ്യാഭ്യാസ അധ്യാപകർ | ശില്പ, പാഴ്‌വസ്തു നിർമ്മാണത്തിൽ അവബോധം ഉണ്ടാക്കൽ |

# ഉപസംഹാരം

അക്കാദമിക് നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത് നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവർ നേടേണ്ട ശേഷികൾ മുഴുവൻ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിന് യോജിച്ച വിവിധ പ്രവർത്തനങ്ങളാണ് ഈ രേഖയിലൂടെ മുന്നോട്ടു വെയ്ക്കുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ മുഴുവൻ രക്ഷിതാക്കളുടെയും പി.ടി.എയുടെയും പൂർവ്വവിദ്യാർത്ഥികളുടെയും പരിപൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു.



CamScanner